**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3945** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ഈ സഹായങ്ങൾ ലഭിക്കുന്നതിനു ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ? | (എ) | കോവിഡ് 19 പകർച്ചവ്യാധിയെ തുടർന്ന് മരണപ്പെട്ടവരുടെ ഏറ്റവും അടുത്ത കുടുംബാംഗങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ ധനസഹായം അനുവദിക്കുന്നതിന് 25/09/2021 തീയതിയിലെ സ.ഉ(കൈ)നം.3/2021-ദു.നി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്നതിനായി കോവിഡ് ബാധിച്ച് മരണപ്പെട്ടയാളുടെ ഏറ്റവും അടുത്ത കുടുംബാംഗത്തിന് relief.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വെബ് സൈറ്റ് രൂപീകരണത്തിനുള്ള അവസാനഘട്ട നടപടികൾ നടന്നു വരികയാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ മരണസർട്ടിഫിക്കറ്റിന്റെയും, ബന്ധപ്പെട്ട വില്ലേജോഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ DBT പേമെന്റ് സംവിധാനത്തിലൂടെ കോവിഡ് ബാധിച്ച് മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത കുടുംബാംഗത്തിന് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായം ലഭിക്കുന്നതിന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ